"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - ലെനിൻ രാജേന്ദ്രൻ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് ചെലവ് വന്ന തുക കണ്ടിജൻസി ചാർജ്ജിനത്തിൽ അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.294/2026/CLAD തീയതി, തിരുവനന്തപുരം, 14-05-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.302/2025/സാംകാവ തീയതി 26-05-2025

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 30.12.2025 & 19.02.2026 തീയതികളിലെ പി2-538/2022/സാം.വ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ലെനിൻ രാജേന്ദ്രൻ സ്മാരക നിർമ്മാണത്തിനായി 2025-26 സാമ്പത്തികവർഷം തുകയോ ശീർഷകമോ വകയിരുത്താത്ത സാഹചര്യത്തിൽ സ്ഥലമെടുപ്പ് ചെലവിനത്തിൽ കണ്ടിജൻസി ചാർജ്ജിനായി അനുവദിക്കേണ്ട തുക നൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതിയും ഇതിലേക്കായി പ്രത്യേക ശീർഷകവും തുകയും വകയിരുത്തണമെന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**2.** ലെനിൻ രാജേന്ദ്രൻ സ്മാരക നിർമ്മാണത്തിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 102.47 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്നും ടി നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുൾപ്പടെ ആകെ 12 കോടി രൂപ വകയിരുത്തിയതായും പദ്ധതിയ്ക്ക് അധിക തുക ആവശ്യമായി വരുന്നില്ലെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ഭൂമി ഏറ്റെടുത്ത് കൈമാറിയതിന് ശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ സാധിക്കുയുള്ളൂ എന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലെനിൻ രാജേന്ദ്രൻ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് 1.0725 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ചെലവ് വരുന്ന 6,87,11,000/- രൂപയുടെ (ആറ് കോടി എൺപത്തിയേഴ് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) 5% തുകയായ 35,00,000/- രൂപ (മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) കണ്ടിജൻസി ചാർജ്ജിനത്തിൽ 2205-00-102-98-00-36 Assistance to Memorials of Eminent Men of Arts and Letters (PV) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

അഡ്വ.ഐ.ബി.സതീഷ്, പത്മരാഗം, 204, ഗാന്ധിനഗർ, വഴുതക്കാട്, തിരുവനന്തപുരം, 695014

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2785700/EDN-D1/159/2024-FIN Dated 13.03.2026)
കരുതൽ ഫയൽ (A3/120/2021-CLAD)

Signed by
ഉത്തരവിൻ പ്രകാരം
Sheeba K P
Date: 14-05-2026 14:50:49
സെക്ഷൻ ഓഫീസർ